# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5890 28.03.2018 - ൽ മറുപടിയ്ക്ക്**

**<u>അവയവദാനത്തിന്റെ മറവിൽ നടക്കുന്ന ചൂഷണം</u>**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ :<br>ശ്രീ. വി.കെ.സി. മമ്മദ് കോയ :<br>ശ്രീ.പി.കെ.ശശി :<br>ശ്രീ.ഐ.ബി. സതീഷ് : | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) അവയവദാനത്തിന്റെ മറവിൽ നടക്കുന്ന ചൂഷണം നിയന്ത്രിക്കുന്നതിനായി നിയമം കർശനമാക്കിയതിനുശേഷം അവയവദാനം ഗണ്യമായി കുറഞ്ഞതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സാഹചര്യത്തിൽ അവയവദാനം സംബന്ധിച്ച പരസ്യം മുതൽ പരിശോധനകൾ വരെ സർക്കാരിന്റെ മേൽനോട്ടത്തിൽ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പരസ്യത്തിലൂടെ അവയവദാതാക്കളെ കണ്ടെത്തുന്നത് വാണിജ്യ താല്പര്യങ്ങൾക്ക് ഇടയാക്കുമെന്നുള്ളതിനാൽ 15.02.2018 ലെ സ.ഉ.(കൈ)നം.26/2018/ആകുവ പ്രകാരം ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും Swap Donation നും പരോപകാരതല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ടു വരുന്നവർക്കു വേണ്ടിയും പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരോപകാരതല്പരതയോടു കൂടി അവയവദാനം നടത്താൻ ഉദ്ദേശിക്കുന്ന ദാതാവ് അവയവം ദാനം ചെയ്യുന്നതിന് അനുയോജ്യനാണോ എന്ന് കണ്ടെത്തുന്നതിനുള്ള പരിശോധനകൾ സർക്കാർ ആശുപത്രികളിലോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ട്രാൻസ് പ്ലാന്റേഷൻ സെന്ററുകളിലോ സൗജന്യമായി നടത്തുന്നതിന് ഈ മാർഗ്ഗനിർദ്ദേശം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) തെറ്റായ പ്രചാരണങ്ങൾ അവയവദാനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ പൊതുജനങ്ങൾക്കിടയിൽ ശരിയായ ബോധവൽക്കരണം ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) പൊതുജനങ്ങൾക്കിടയിൽ മരണാനന്തര അവയവ ദാനത്തെകുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും അവയവദാനത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുമായി സെമിനാറുകൾ, ശില്പശാലകൾ, മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫിന് പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു. മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുവാനായി പ്രശസ്ത സിനിമാ താരം പത്മശ്രീ ഡോ.മോഹൻലാലിനെ ഗുഡ് വിൽ അംബാസിഡർ ആയി നിയമിച്ചിട്ടുണ്ട്. |
| (ഡി) അവയവ മാറ്റ ശസ്ത്രക്രിയയ്ക്കുള്ള നിരക്ക് ഏകീകരിക്കുന്നതിനും ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കും ദാതാക്കൾക്കും കുറഞ്ഞ ചെലവിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് ഏകീകൃത നിരക്കാണ് നിലവിലുള്ളത്. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്കും ദാതാക്കൾക്കും കുറഞ്ഞ ചെലവിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ